(എഫ്) എല്ലാ മണ്ഡലങ്ങളിലും മൊബൈൽ ത്രിവേണികൾ സജ്ജമാക്കിയിരുന്നുവെങ്കിലും 19 മൊബൈൽ ത്രിവേണികളുടെ പ്രവർത്തനങ്ങൾ ചില സാങ്കേതിക കാരണങ്ങളാൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ജി) പൊന്നാനി മണ്ഡലത്തിലേക്ക് അനുവദിച്ച മൊബൈൽ ത്രിവേണിയിൽ ഒരു ദിവസം ശരാശരി 5267 രൂപയുടെ വിൽപ്പനയാണ് നടക്കുന്നത്. സ്ഥിരമായി ഡ്രൈവറെയും ജീവനക്കാരെയും ഇതിലേക്ക് നിയമിച്ചിട്ടില്ല. ഡ്രൈവറോ മറ്റ് ബന്ധപ്പെട്ട ജീവനക്കാരോ അവധിയിലായിരിക്കുമ്പോൾ വാഹനം ഓടാറില്ല. ഓരോ ഘട്ടിലെയും വിൽപ്പനയുടെ സ്ഥിതിയനുസരിച്ചാണ് ഗോഡൗണിലെ സ്റ്റോക്കിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് മൊബൈൽ ത്രിവേണിയിലേക്ക് സ്റ്റോക്ക് അനുവദിക്കുന്നത്. രണ്ട് ലക്ഷം മുതൽ രണ്ടര ലക്ഷം രൂപ വരെയുള്ള സ്റ്റോക്കാണ് ഓരോ മൊബൈൽ ത്രിവേണിക്കും പദ്ധതി പ്രകാരം അനുവദനീയമായിട്ടുള്ളത്. ത്രിവേണി സ്റ്റോറുകളുടെ ദൈനംദിന വ്യാപാര മേഖലയിൽ വിനിയോഗിച്ചിരുന്ന പ്രവർത്തന ഫണ്ട് നിലനിർത്തി വ്യാപാരം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുന്നതിലുണ്ടായ തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. മലപ്പുറം ജില്ലയിൽ ലാഭകരമായി പ്രവർത്തിക്കുന്ന മൊബൈൽ ത്രിവേണികൾ ഒന്നുംതന്നെ ഇല്ല.

നന്മ സ്റ്റോറിന്റെ പ്രവർത്തനം

67 (2305) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ എത്ര നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ എത്ര എണ്ണം ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് പേരു സഹിതം വ്യക്തമാക്കാമോ ;

(ബി) എന്തൊക്കെ ഉൽപ്പന്നങ്ങളാണ് ഇവിടെ നിന്നും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത് ; ഇവയ്ക്ക് മാർക്കറ്റ് വിലയേക്കാൾ എത്ര ശതമാനം തുക കുറച്ചാണ് വില്ക്കുന്നത് ; ഇപ്പോഴും സബ്സിഡി നിരക്കിൽ വിൽക്കേണ്ട എല്ലാ ഉത്പന്നങ്ങളും നന്മ സ്റ്റോറുകളിൽ ലഭ്യമാണോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ ;

(സി) സബ്സിഡി നിരക്കിൽ വിൽക്കുന്ന ഉത്പന്നങ്ങളുടെ നഷ്ടം നികത്തുന്നത് ആരാണ് ; ഈ സാമ്പത്തിക വർഷം എത്ര രൂപ ഇത്തരത്തിൽ സബ്സിഡി ഇനത്തിൽ കൺസ്യൂമർ ഫെഡിന് നൽകി എന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ 865 നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഒന്നുംതന്നെ ലാഭത്തിൽ പ്രവർത്തിക്കുന്നില്ല.

(ബി) ജയ അരി, കുറുവ അരി, കുത്തരി, പച്ചരി, പഞ്ചസാര, വെളിച്ചെണ്ണ, മല്ലി, മുളക്, ചെറുപയർ, ഉഴുന്ന് എന്നീ പത്ത് ഉൽപ്പന്നങ്ങളാണ് ഇവിടെനിന്നും പൊതു വിപണിയെക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നത്. ഇവയ്ക്ക് മാർക്കറ്റ് വിലയേക്കാൾ 20% വരെ കുറച്ചാണ് വിപണനം നടത്തുന്നത്. മേൽ പരാമർശിച്ച പത്ത് ഉൽപ്പന്നങ്ങളിൽ എല്ലാംതന്നെ സ്റ്റോറുകളിൽ ലഭ്യമാക്കാൻ സാധനങ്ങളുടെ ദൗർലഭ്യംമൂലം സാധിക്കുന്നില്ല. നന്മ സ്റ്റോറുകളുടെ ദൈനംദിന വ്യാപാര മേഖലയിൽ വിനിയോഗിച്ചിരുന്ന പ്രവർത്തന ഫണ്ട് നിലനിർത്തി വ്യാപാരം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിൽ നേരിട്ട തടസ്സങ്ങൾ മൂലമാണ് ചില അവസരങ്ങളിൽ ഉത്പന്നങ്ങൾ ലഭ്യമാക്കാൻ കഴിയാതെ വരുന്നത്.

(സി) സബ്സിഡി നിരക്കിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുടെ നഷ്ടം നികത്തുന്നത് സർക്കാരാണ്. സർക്കാർ സബ്സിഡി നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി വിൽപ്പന നടത്തുന്നത്. ഈ സാമ്പത്തിക വർഷം ഉൽസവകാല വിൽപ്പന സബ്സിഡിയിനത്തിൽ 50 കോടി രൂപയാണ് കൺസ്യൂമർഫെഡിന് ലഭ്യമാക്കിയിരിക്കുന്നത്.

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ വ്യാജ സർട്ടിഫിക്കറ്റ് വഴി ജോലി നേടിയ ജീവനക്കാർ

68 (2306) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമനത്തിനുവേണ്ട വിദ്യാഭ്യാസ യോഗ്യത എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നു ; തസ്തികയുടെ പ്രൊമോഷൻ തസ്തികകൾ ഏതെല്ലാം; വ്യക്തമാക്കാമോ ?

(സി) നിശ്ചിത യോഗ്യതയില്ലാതെ ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമനം നൽകിയ ആളെ നിയമവിരുദ്ധമായി അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;